PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

# രാജൎഷി

| പുസ്തകം 7 | 1116 മേടം | ലക്കം 9 |
| --- | --- | --- |

## മംഗളം.

ഹാ! വദ്യുത്തമഹോ! സമസ്തഭരണം പ്രാപഞ്ചികം ബന്ധമെ-
ന്നീവണ്ണം കരുതി സ്വകീയപദമാൎപ്പിച്ചു പിൻഗാമിയിൽ
കാൎവ്വൎണ്ണന്റെ പദം സ്മരിച്ചു സുദൃഢം സ്വച്ഛന്ദമാം മൃത്യുവാ-
ന്നാ,വൎണ്ണാശ്രമധൎമ്മകൎമ്മകുശലൻ "രാജൎഷി" വെൽവൂ ചിരം!

വിദ്വാൻ വെള്ളായ്ക്കൽ ഗോവിന്ദമേനോൻ.

---

തിരുമൂപ്പു കിട്ടിയ

## കൊച്ചി മഹാരാജാവ് തിരുമനസ്സുകൊണ്ട്.

മഹാപണ്ഡിതനും, നാനാമുഖങ്ങളായ ലോകകാൎയ്യങ്ങളിൽ അസാമാന്യമായ പരിജ്ഞാനമുള്ള ഒരു മഹാശയനും, ഹൌണീഗൈൎവ്വാണീത്യാദി ഭാഷാവിചക്ഷണനും ആയ മഹാമഹിമശ്രീ കേരളവൎമ്മ മഹാരാജാവു തിരുമനസ്സുകൊണ്ട്, കൊച്ചി മഹാരാജപദം അലങ്കരിച്ചിരിക്കുന്ന ഈ അവസരത്തിൽ അവിടുത്തെക്കുറിച്ച് സംക്ഷിപ്തമായ ചില വിവരങ്ങൾ രാജൎഷിവായനക്കാരെ അറിയിക്കുന്നതു സമുചിതമായിരിക്കുമല്ലൊ.

1039-ാമാണ്ട് വൃശ്ചികമാസം 29-ാംനു- ഉത്രാടം തിരുനാളിലാണ് അവിടുന്ന് തിരുഅവതാരംചെയ്തതു്. മദ്രാസിൽവെച്ചു തീപ്പെട്ട ഗൎഭശ്രീമാനായ മഹാരാജാവു തിരുമനസ്സിലെ അടുത്ത സഹോദരനാണ് അവിടുന്ന്. വിദ്യാഭ്യാസത്തിൽ മാത്രമല്ല, മററെല്ലാകാൎയ്യങ്ങളിലും ബാല്യത്തിൽ

ത്തന്നെ അവിടന്ന് അപ്രതിഹതമായ പ്രതിഭയും, ബുദ്ധിചാതുയ്യവും പ്രയോഗിക്കുകയാൽ അന്വത്ഥമായ "മിടുക്കൻതമ്പുരാൻ" എന്ന സംജ്ഞ സമ്പാദിച്ചുകഴിഞ്ഞിരിക്കുന്നു.

നാലാംവയസ്സിൽ തിരുമേനിയെ തിരുവെഴുത്തിനുവയ്ക്കുക എന്ന ആചാരം യഥാവിധി നിവ്വഹിച്ചു. ഏഴു തിരുവയസ്സു തികയുന്നതിനു മുമ്പ് ഭാരതം മൂലം തന്നത്താൻ വായിച്ച് അത്ഥം പറയുവാൻ അവിടുത്തേയ്ക്കു നിഷ്പ്രയാസം സാധിച്ചു. തിരുമനസ്സിലെ ഭാരതംവായന കേൾക്കുന്നതിൽ കൌതുകത്തോടുകൂടി മിഥുനമാസത്തിൽ തീപ്പെട്ട തമ്പുരാൻ തിരുമനസ്സുകൊണ്ടു്, മഹാപണ്ഡിതനായ കൂടല്ലൂർ കുഞ്ചുണ്ണിനമ്പൂതിരിപ്പാട് തിരുമനസ്സുകൊണ്ടു്, പട്ടതോം വിദ്വാൻനമ്പൂതിരിപ്പാട് തിരുമനസ്സുകൊണ്ടു് എന്നിവർ വന്നുചേരുകയും, തിരുമനസ്സിലേക്ക് 'മിടുക്കൻ' എന്ന അഭിധാനം ആ മഹാപണ്ഡിതന്മാരിൽനിന്നു സിദ്ധിക്കുകയുംചെയ്തുവെന്നാണ് കേട്ടുകേൾവി.

കാലോചിതവും, കലോചിതവും, കുലോചിതവുമായ സകല വിഷയങ്ങളിലും അവിടുത്തേയ്ക്കു് അപാരമായ പാണ്ഡിത്യം ഉണ്ടു്. കല്ലേറവങ്കര അച്യുതപ്പിഷാരടി, പാറമേക്കാവു രാമൻനമ്പ്യാർ, പണ്ഡിതർ രങ്കയ്യാചാരി, റോബട്ട്വൈറററ്, ശങ്കരനാരായണച്ചെട്ടിയാർ എന്നീ മഹാപണ്ഡിതന്മാക്കാണ് തിരുമനസ്സിലെ ഗുരുഭൂതന്മാരാകുവാൻ ഭാഗ്യമുണ്ടായതു്. "തിരിയിൽനിന്നു കൊളുത്തിയ പന്തം" എന്നപോലെ ഓരോ വിഷയത്തിലും സഹജമായ ബുദ്ധിവിശേഷത്താൽ ഈ മഹാശയൻ ഗുരുജനങ്ങളെ അതിക്രമിച്ചിട്ടുണ്ടെന്നു് അറിയുന്നതു് അവക്കും അഭിമാനജനകമാണല്ലൊ.

കേരളംപോലെയുള്ള രാജ്യങ്ങളിൽ അത്യാവശ്യം പ്രചരിക്കേണ്ടുന്ന വിഷചികിത്സയിൽ അവിടുന്ന് അദ്വിതീയനാണ്. ഈ വിഷയത്തിൽ അവിടുന്നു രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ ഉപയോഗിച്ചു് പലരും വിഷവൈദ്യവിശാരദന്മാരായിത്തീന്നിട്ടുണ്ടു്. ആയുവ്വേദത്തിലും തിരുമനസ്സിലേക്കു് അസാമാന്യമായ പാണ്ഡിത്യം ഉണ്ടു്.

രാജകുടുംബത്തോടു പുരാതനമായിത്തന്നെ ബന്ധപ്പെട്ടതും, തൃശ്ശിവപേരൂരിന്റെ നടുനായകവും ആയ കരിമ്പററെത്തറവാട്ടിൽ ജാതയായ ശ്രീമതി ലക്ഷ്മിക്കുട്ടിനേത്യാരമ്മ (അമ്മിണിഅമ്മ) അവർകളാണു് അവിടുത്തെ സഹധമ്മചാരിണി. ജ്ഞാനാഭിലാഷം, സമുദായസ്നേഹം, സ്വാതന്ത്ര്യബുദ്ധി എന്നീ വിശിഷ്ടഗുണങ്ങൾ തികഞ്ഞ ഈ മഹിളാമണി, സകല കലകളിലും അപരിമിതമായ വൈദുഷ്യം സമ്പാദിച്ചിട്ടുണ്ടു്.

ഭർത്തൃഭക്തി, സ്ത്രീസമുദായോല്ക്കർഷം എന്നീ ഗുണങ്ങൾക്ക് ഒരാദർശമാണ് ഈ വനിതാരത്നമെന്ന് പണ്ടേതന്നെ സുപ്രസിദ്ധമായിട്ടുണ്ടല്ലൊ. സുകുമാരങ്ങളും, പ്രായോഗികങ്ങളുമായ കലകളുടെ സമുല്ക്കർഷത്തിൽ നേത്ര്യാരമ്മ അവർകൾക്ക് എത്രമാത്രം ശ്രദ്ധയും താല്പര്യവും ഉണ്ടെന്ന്, തൃപ്പൂണിത്തുറയുള്ള "രാധാലക്ഷ്മീവിലാസം" സ്കൂളും, അവരുടെ സഹായ സഹകരണങ്ങൾകൊണ്ട് ഉയൎന്നിട്ടുള്ള തത്തുല്യങ്ങളായ മററു സ്ഥാപനങ്ങളും സുവ്യക്തമാക്കുന്നുണ്ട്.

വി. ജി. സ്കൂളിന്റെ ജൂബിലിമഹോത്സവത്തിൽ അദ്ധ്യക്ഷസ്ഥാനത്തെ അലങ്കരിച്ചുകൊണ്ട് "സ്ത്രീകൾക്ക് ഒരു കലാലയം Womens College ആരംഭിക്കേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു" എന്ന് ഉജ്ജ്വലമായി ചെയ്ത പ്രസംഗം ഞങ്ങളെ അത്യധികം ആനന്ദിപ്പിക്കയും, സ്ത്രീ വിദ്യാഭ്യാസത്തിൽ ആ മാന്യവനിതയ്ക്കുള്ള അതിരററ ആസക്തി വെളിപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്.

"രാജൎഷി സംസ്കൃതവിദ്യാലയം" വകയായി കഴിഞ്ഞ കൎക്കിടകത്തിൽ നേത്ര്യാരമ്മ അവർകളുടെ ഷഷ്ട്യബ്ദപൂൎത്തി സംബന്ധിച്ച് ഒരു മംഗളപത്രം സമൎപ്പിച്ച അവസരത്തിൽ വിദ്യാലയപ്രവൎത്തനത്തെപ്പററി സകല വിവരങ്ങളും ചോദിച്ചറിയുകയും, അചിരേണ വിദ്യാലയം വന്നു സന്ദർശിക്കുന്നതാണെന്നു സസന്തോഷം പറയുകയും ചെയ്തിട്ടുള്ളതിൽനിന്നു സംസ്കൃതവിദ്യാഭ്യാസപ്രചരണത്തിൽ ആ വന്ദ്യവിദുഷിക്കുള്ള താല്പര്യം പ്രസ്പഷ്ടമാകുന്നു.

ഈശ്വരവിശ്വാസം, പരോപകാരതല്പരത, സാഹിത്യപ്രണയം, സന്മാൎഗ്ഗവൎത്ത്യ തുടങ്ങിയ സദ്ഗുണങ്ങൾ ആലോചിക്കുമ്പോൾ ഭാരതീയ മഹതികളിൽ നേത്ര്യാരമ്മ അവർകൾ അഗ്രഗണ്യസ്ഥാനം അൎഹിക്കുന്നുണ്ടെന്ന് ഏവനും സമ്മതിക്കുന്നതാണ്.

മഹാനുഭാവനായ ഈ മഹാരാജാവു തിരുമനസ്സിലേക്ക് ഗുണപൌഷ്കല്യംകൊണ്ട് സമുചിതമായ ഈ ധൎമ്മദാരങ്ങളിൽ സംജാതരായ സന്താനങ്ങൾ മഹാവിദ്വാന്മാരും, വലിയ ബിരുദധാരികളും ആയി വലിയ വലിയ ഉദ്യോഗങ്ങൾ ഭരിച്ചുവരുന്നു. തിരുമനസ്സിലെ സീമന്തപുത്രനായ രാജശ്രീ വി. കെ. കെ. മേനോൻ (ബാർഅററ്ല—അഡീഷണൽ ജഡ്ജി) അവർകളുടെ നിയമപാണ്ഡിത്യം സുവിദിതമാണല്ലൊ. രാജശ്രീ വി. കെ. ഗിരിജാവല്ലഭമേനോൻ അവർകൾ ആയുൎവ്വേദവൈദ്യവകുപ്പിന്റെ മേലദ്ധ്യക്ഷനായി അതിപ്രശസ്തമാംവണ്ണം ജോലിചെയ്തുവരുന്നു. രാജശ്രീ വി. കെ. രഘുനന്ദനമേനോൻ എം. എസ്സ്. സി അവർകൾ

മഹാരാജാ കോളേജു പ്രഫസരും, ഒരു വിദഗ്ദ്ധനായ ഗവേഷകനും ആണു്. സുകുമാരമേനോൻ എന്നൊരു പുത്രനും, 'രാധാദേവി' എന്നൊരു പുത്രിയും യൌവ്വനപദത്തിൽ കാലൂന്നി സ്വസ്വധർമ്മങ്ങൾകൊണ്ടു് നമ്മുടെ നാടിനെ അലങ്കരിക്കുവാൻ സന്നദ്ധരായിരിക്കുന്നു.

തിരുമനസ്സിലേക്കും, ധർമ്മദാരങ്ങൾക്കും, സന്താനങ്ങൾക്കും ഒട്ടാകെയുള്ള ഭാഷാസ്നേഹവും, സാഹിത്യപ്രണയവും കാണുമ്പോൾ ഗോശ്രീനിവാസികൾ അചിരേണ സാഹിതീസുരഭിലമായ ഒരു വായുമണ്ഡലത്തിൽ സുഖമനുഭവിക്കുമെന്നു് ആശിക്കാവുന്നതാണു്. അതുതന്നെയാണു് "രാജർഷി"യുടേയും അഭിലാഷം. തിരുമനസ്സിലേക്കും കുടുംബങ്ങൾക്കും സുദീർഘവും, സുന്ദരവുമായ ആയുരാരോഗ്യാദികൾ അഭ്യർത്ഥിച്ചുകൊണ്ടു് ഞങ്ങൾ തല്ക്കാലം വിരമിച്ചുകൊള്ളുന്നു.

## ഗോശ്രീശമംഗളം. *

നീത്യാ രക്ഷൻ ധരണിമനിശം ജാഗരൂകഃ പ്രജാനാം
ക്ഷേമാധാനേ വിമലഹൃദയസ്സജ്ജനാസേവിതാംഘ്രിഃ,
ദിക്ഷ്വാതന്വൻ ധവളയശസാ സർവ്വദാഽലോകമുച്ചൈഃ
പ്രായാദ്യോഗിപ്രവരവിനുതം ധാമ നിത്യം നൃപാഗ്ര്യഃ.

ഗോശ്രീശാന്വയസിന്ധുജസ്സുചരിതൈർവ്വിഖ്യാതനാമാനുജ-
സ്തന്ന്യാരൂഢപദഃ പ്രഭാവജലധിസ്സദ്രക്ഷണോൽക്കസ്സദാ,
ലക്ഷ്മ്യാ നിത്യമുപാസിതസ്സുരതരുസ്സ്വാസേവകാനാം കലാ-
പൂർണ്ണസ്സോഽയമുദാരധീശ്ചിരതരം രാജാ വിജേജീയതാം.

ശ്രീമാദ്ഭൂമിപതിരേഷ ജയത്വശേഷ-
ലോകാവനേന വിതതാമലകീർത്തിരാശിഃ,
ശ്രീപൂർണ്ണവേദപുരനാഥകൃപാകടാക്ഷ-
വക്ഷൈരരോഗദൃഢസംഹനനശ്ചിരായ.

നമോഽസ്തു മഹനീയാത്മൻ! ലോകാനാമഭയപ്രദ!
ശ്രീമൽപാദൈകശരണം പാഹി മാം കരുണാനിധേ!

തൃപ്പാദാശ്രിതൻ, പി. വാസുദേവൻ നമ്പീശൻ.
ആയുർവ്വേദവൈദ്യൻ, തൃശ്ശിവപേരൂർ.

* ഇതു് മഹാമഹിമശ്രീ ഉത്രാടം തിരുനാൾ ശ്രീകേരളവർമ്മ കൊച്ചിമഹാരാജാവു് തിരുമനസ്സിലെ മഹനീയ സ്ഥാനാരോഹണം പ്രമാണിച്ചു് തിരുമുൽക്കാഴ്ച വെച്ചതാകുന്നു.

ശ്രീഗോശ്രീശമഹോദധേ സ്സുരസരസ്വത്യാ ചിരം പ്രാർത്ഥിതഃ
ശ്രീലക്ഷ്മീസഹിതസ്സമസ്തസുമനസ്സംരക്ഷണായോത്ഥിതഃ
ശ്രീമത് കേരളഹൃന്നവാങ്നിധിരസാ വസ്തത് ക്ഷമാനായകഃ
ശ്രീരാജദ്ബുധരാജി രാജിതപദഃ പായാച്ചിരം ഗോശ്രിയം.

രാജർഷി സംസ്കൃതവിദ്യാലയം.

മിത്രോദാരയശസ്വിയായമലനായെന്നും പ്രജാഭാവുകം
മാത്രംനോക്കി മനസ്സിരുത്തി മഹിതശ്രീയോടുപാലിക്കുവാൻ
ഉത്രാടം തിരുനാളിലിങ്ങവതരിച്ചോരീമഹാൻ മാടഭൃ-
സുത്രാമാ സുതരാം സുഖേന സുചിരം വാഴേണമേ ദൈവമേ!!

രാജർഷി മാസിക.

## ഭാഷാഭണ്ഡാരത്തിലെ 'ചില്ലറ'.

മലയാളത്തിലെ പുസ്തകശാലകളുമായി അടുത്തു പരിചയമുള്ളവർ അവയിൽ വില്പനക്കുള്ള പുസ്തകങ്ങളുടെ കൂട്ടത്തിൽ 'ചില്ലറ' എന്നൊരിനം കണ്ടിട്ടുണ്ടായിരിക്കും. ഈ ചില്ലറപ്പുസ്തകങ്ങൾക്കു ഭംഗിയുള്ള ചില്ലലമാറികളിൽ സ്ഥാനമില്ല. വല്ല മുക്കിലോ മൂലയിലോ മാത്രമാണ് പുസ്തകശാലകളിൽ ഇവയ്ക്കുള്ള സ്ഥാനം. ഇവയ്ക്കു വില കണക്കാക്കുന്നതു പുസ്തകം ഒന്നിന്നു ഇന്നതു് എന്ന തോതിലല്ല; നൂറിന്നു് ഇന്നതു് എന്ന തോതിലാണ്. നൂറിന്നു് എട്ടണ, പത്തണ, പന്ത്രണ്ടണ എന്നിങ്ങനെ പല നിരക്കിലും ഈ ചില്ലറപ്പുസ്തകങ്ങൾ വിററുവരുന്നുണ്ടു്. വെണ്ടയ്ക്ക, വഴുതിനിങ്ങ, കായ മുതലായവയെപ്പോലെ പാവപ്പെട്ട കച്ചവടക്കാർ തലയിൽ ചുമന്നു ചന്തകളിലും, ഉത്സവസ്ഥലങ്ങളിലും, വീടുകളിലും കൊണ്ടുചെന്നാണു് ഈവക പുസ്തകങ്ങൾ വില്ക്കുക പതിവു്. ഒന്നിനും കൊള്ളാത്ത വൈക്കോൽക്കടലാസ്സിൽ വരിക്കുവരിയ്ക്കു നാലോ, അഞ്ചോ അക്ഷരത്തെററുകളോടുകൂടിയാണു് ഈ ചില്ലറപ്പുസ്തകങ്ങൾ അച്ചടിക്കുന്നതു്. പ്രത്യേകം ആർക്കും പകപ്പവകാശമില്ലാത്ത ഈവക പുസ്തകങ്ങൾ പല അച്ചുകൂടങ്ങളിലും കൊല്ലംതോറും അനേകം പ്രതിവീതം അച്ചടിച്ചു തള്ളുന്നുണ്ടു്. ഇത്രയധികം പ്രചാരമുണ്ടെന്നുള്ള ഒരേ കാരണംകൊണ്ടുതന്നെ ഭാഷാഭണ്ഡാരത്തിലെ ഈ 'ചില്ലറ'യെക്കുറിച്ചു പൊതുജനങ്ങൾക്കുള്ള പ്രേമം ചില്ലറയൊന്നുമല്ലെന്നു് തീരുമാനിക്കാവുന്നതാണു്.

'ഭാഷാഭണ്ഡാരത്തിലെ ചില്ലറ'യുടെ കെട്ടുകഠം അഴിച്ചു നോക്കുമ്പോഴാണ് അവയ്ക്കുള്ള നിലയും വിലയും നമുക്കു കാണുവാൻ കഴിയുന്നതു്. ഓണപ്പാട്ട്. തുള്ളൽപ്പാട്ട്. വഞ്ചിപ്പാട്ട്, തിരുവാതിരപ്പാട്ട്, ഊഞ്ഞാൽപ്പാട്ട്, പാനപ്പാട്ട്, കുറത്തിപ്പാട്ട്, അമ്മാനപ്പാട്ട്, കഥകളിപ്പാട്ട്, അയ്യപ്പൻപാട്ട്, വടക്കൻപാട്ട് മുതലായി പണ്ടേയ്ക്കുപണ്ടേ മലയാളത്തിൽ നടപ്പുള്ള പലവക പാട്ടുകഠം ഒട്ടുമുക്കാലും 'ചില്ലറ' എന്ന ഇനത്തിലാണ് പെടുന്നതു്. പഴയ സാഹിത്യത്തിലെ പ്രധാന ഗ്രന്ഥങ്ങഠം മിക്കതും ഇക്കൂട്ടത്തിൽ ഉഠംപ്പെടുന്നുണ്ട്. ഇവയിൽ പലതിലും സഹൃദയജനങ്ങളെ സവിശേഷം രസിപ്പിക്കുന്ന കവിതാഗുണം തികച്ചും കാണുന്നതുമുണ്ട്. പാടാനും, ആടാനും ഒരുപോലെ ഉപകരിക്കുന്നവയാണ് ഇവയിൽ പലതും. പണ്ടു കേരളത്തിൽ സംഗീതംമുഖേന സാഹിത്യത്തിനുണ്ടായിട്ടുള്ള മേന്മയെ ഇവ പ്രഖ്യാപനം ചെയ്യുന്നുണ്ട്.

"ഇത്തിരിപ്പൂവേ ചുവന്ന പൂവേ
ഇത്തറനാളും നീ യെങ്ങുപോയി
തൃച്ചംബരത്തു ഭജിക്കാൻ പോയി". എന്നുതുടങ്ങി ബാലബുദ്ധിയെ വിനോദിപ്പിക്കുവാനും,

"ഇന്നലെയീനേരം കേട്ടു കുഴൽവിളി-
യിന്നെന്തു കേഠംക്കാത്തു തോഴിമാരേ
പായുമമ്മുലചുരന്നിററിററു വീഴമ്പോ-
ളിന്നെൻെറ കണ്ണൻ വരുമോ തോഴി." എന്നു മുതലായി വത്സലഹൃദയത്തെ ആകർഷിക്കുവാനും,

"കിഴിഞ്ഞുകൊണ്ടിങ്ങനെ കഴിഞ്ഞു ബഹുകാലം
കുഴഞ്ഞു കയ്യും കാലും നടക്കമൂലം
എനിക്കിപ്പോളുളോരോദന്ന നിനയ്ക്കുമ്പോളാതങ്കം
ജനിക്കുന്നു ഹാ! കഷ്ടം രമണന്മാരേ!
വലയുന്ന ഞാനെൻെറ തലയിലെഴുത്തയ്യോ
വലയിലകപ്പെട്ട കലയേപ്പോലെ." എന്നാദിയായി രസികജനങ്ങഠംക്കു രസം ജനിപ്പിക്കുവാനും,

"മലർമാതിൻ കാന്തൻ വസുദേവാത്മജൻ
പുലർകാലേ പാടിക്കുഴലൂതി
ചിലും ചിലുമെന്നു കിലുങ്ങും കാഞ്ചന-
ച്ചിലമ്പിട്ടോടിവാ കണികാണ്മാൻ

കണികാണുംനേരം കമലനേത്രന്റെ
നിറമേറും മഞ്ഞത്തുകിൽചാർത്തി
കനകക്കിങ്ങിണി വള കൈമോതിരം
അണിഞ്ഞുകാണേണം ഭഗവാനേ." എന്നു മുതലായും,

"സ്വർണ്ണസന്നിഭശരീരവും തരളനൂപുരങ്ങൾ വലയങ്ങളും
ഗണ്ഡസഞ്ചലിതകുണ്ഡലങ്ങളുമലഞ്ഞുതാണമണികാഞ്ചിയും
കുത്തഴിഞ്ഞു കിഴിയുന്ന പൂന്തുകിലുമൊട്ടഴിഞ്ഞ കചഭാരവും
മുത്തുപോലെ ഘനഘർമ്മബിന്ദുവദനാംബുജത്തിലുളവായുടൻ."
പന്തിടഞ്ഞ കളർകൊങ്കരണ്ടുമിടതിങ്ങിയങ്ങിനെ കിലുങ്ങവേ
പന്തടിച്ചു ഗിരിശന്നുനേരെയൊരു മന്ദമാം കളിവിലാസവും
ചന്തമാർന്നൊരു ലലാടവും ഭുവനമോഹനം തവ കടാക്ഷവും
വിഷ്ണുമായയെ വണങ്ങിനേനഖിലകാമവും മനസി നൽകുവാൻ."

എന്നു മുതലായും, ഭക്തജനങ്ങളുടെ മനം കവരുന്നതിന്നും പര്യാപ്തങ്ങളായ നിരവധി സാഹിത്യരത്നങ്ങൾ ഈ ചില്ലറപ്പുസ്തകങ്ങളിൽ അങ്ങിങ്ങു ചിന്നിച്ചിതറിക്കിടക്കുന്നുണ്ട്. നല്ല നോട്ടക്കാരുടെ ദൃഷ്ടിയിൽപ്പെട്ടമ്പോഴേ അവയുടെ ശരിയായ വില നിർണ്ണയിക്കുവാൻ സാധിക്കയുള്ളു.

മലയാളഭാഷയുടെ പോഷണത്തിന്നൊരുങ്ങുന്നവർ മേൽപ്പറഞ്ഞ ചില്ലറപ്പുസ്തകങ്ങൾ തേടിപ്പിടിച്ചു തെററുതീർത്തു പരിഷ്കരിച്ചു ഭംഗിയായി അച്ചടിപ്പിക്കുകയാണ് പ്രധാനമായി ചെയ്യേണ്ടതു്. ഒരേതരത്തിൽപ്പെട്ടതാവുന്ന പത്തോ പതിനഞ്ചോ പുസ്തകങ്ങൾവീതം ഒന്നിച്ചുചേർത്തച്ചടിപ്പിച്ച് "കെട്ടും മട്ടും കമനീയ"മാക്കി തക്കതായ വിലയും നിശ്ചയിച്ചു നല്ല ചില്ലലമാറികളിലാക്കി വില്പനയ്ക്കു വെച്ചാൽ ഈ ചില്ലറപ്പുസ്തകങ്ങൾ വളരെ ആകർഷകങ്ങളായിരിക്കും. കിരാതാർജ്ജുനീയത്തിന്റെ സംഗ്രഹമായ കിരാതം അരയന്നപ്പാട്ടും, കുമാരസംഭവത്തിന്റെ സംക്ഷേപമായ പാർവ്വതീസ്വയംവരം കൈകൊട്ടിക്കളിപ്പാട്ടുംകൂടി ഇന്നു ചില്ലറപ്പുസ്തകങ്ങളുടെ കൂട്ടത്തിൽപ്പെട്ടു കഴഞ്ഞുമറിഞ്ഞു് ആർക്കും വേണ്ടാത്തമട്ടിൽ കിടക്കുകയാണെന്നുള്ള വാസ്തവം മനസ്സിലാക്കിയാലേ ഈ സദുദ്യമത്തിന്റെ വലുപ്പം തികച്ചും കാണുകയുള്ളു. നമ്മുടെ ഭാഷാഭണ്ഡാരത്തിൽ വിലവേററ നിരവധി രത്നങ്ങൾ "ആരും കാണാത്ത നിധി"കളായിക്കിടക്കുന്നു. നമ്മളാണെങ്കിൽ അവയെ ഒന്നു കടാക്ഷിക്കുകപോലും ചെയ്യാതെ പുതിയ പുതിയ സാഹിത്യസമ്പത്തുക്കളെ ആരാഞ്ഞു മരുമരീചികയിൽ തിരയുകയുംചെയ്യുന്നു. ഇതിൽപ്പരം കഷ്ടമായിട്ടു മറെറന്താണു

ള്ളതു്. ഭൂതത്തിൽ കാലുറപ്പിച്ചു വത്തമാനത്തിൽ കൈചെലുത്തി ഭാവിയിലേക്കു നോക്കുകയാണു് ത്രികാലമദ്ധ്യസ്ഥിതനായ പുരുഷൻെറ കത്തവ്യമെന്നു് നാം സദാ സ്മരിച്ചിരിക്കേണ്ടതാണു്.

കെ. വി. എം.

## വരഭിക്ഷ.

1

പതിയണം പതിവായപ്, രമേശി,യെൻ
പതറിടും മനമമ്മയിലുണ്മയിൽ
പതിവപുസ്സു പകുത്തവളേ! വെറും
പതിരിവൻ, തിരിവേറൻ തിരിവെന്നിയേ.

2

പരമലക്ഷ്യമലക്ഷ്യമെനിയ്ക്കിതേ-
വരെ വരേണ്ടതു വന്നിനിയെങ്കിലും
വരദമാം തവ പാദനിഷേവണം
വരണമാവഴി വാച്ച വെളിച്ചവും

3

അഗസുതേ! വെറുതേ സുകൃതേച്ഛയാ-
ലടനമമ്പലദശനമൊക്കെയും
അകമനാരതമമ്മ,യകന്നിടം-
തഴകിൽ വാഴ്കിലായവനാംകൃതി.

4

ഭവതിയേ മതിയെപ്പൊഴുമെൻെറയീ
ഭവതമോഭരമാകെയകററുവാൻ
ഭവകുടുംബിനി! നിൻ കിടകൊണ്ടിവൻ
ഭുവനപാവനനായി വരേണമേ!

5

തരി ശിവേ, മതിബോധമെഴാത്ത ഞാൻ
തരിശിലിട്ടൊരു വിത്തു നശിക്കവേ
അരിശമററു തുണച്ചിടുകെന്നെയി-
ത്തിരി ശമസ്ഥിതി ഹൃത്തു് യലട്ടമേ

6

വിഷയമാം വിഷമേററു വിഷണ്ണനായ്
വിഷമലോചന ലോലവിലോചനേ!
വിഷമമുന്തിവിടുന്നു ദിനങ്ങളും ഞാൻ
വിവശനായ് വശമായതുകാരണം.

7

അരികളാം മദമോഹമരക്ഷണം
തരികളായ് തകരേണമഗാത്മജേ!
വരിക നീ മമ മുമ്പിലുമേ! വരം
തരിക ദാരികദാനവദാരിണി!

കന്നത്തേരി രാമൻമേനോൻ, ബോംബെ.

# വിവാഹമഹാമഹം.

അഖിലലോകവന്ദിതചരണാരവിന്ദനായി സ്ഥാനത്യാഗംചെയ്ത മഹാമഹിമശ്രീ ഗോശ്രീമഹാരാജ രാജൎഷി തിരുമനസ്സിലെ പൌത്രിയും, വിദ്യാഭ്യാസമേലദ്ധ്യക്ഷൻ റാവു സാഹേബ് വൈ. എൻ. മേനോൻ അവർകളുടെ പ്രിയപുത്രിയുമായ സൌഭാഗ്യവതി ശ്രീശാരദാംബാകുമാരിയും, ഗോശ്രീശവംശാലങ്കാരഭൂതനായ മഹാമഹിമശ്രീ രാമവൎമ്മ രാജകുമാരൻ തിരുമേനിയും തമ്മിലുള്ള പരിണയമഹോത്സവം, സവിശേഷാലങ്കാരങ്ങളാൽ വിരാജമാനമായ തൃശ്ശിവപേരൂർ രാജമന്ദിരത്തിൽ വിരചിച്ച അകൃത്രിമരമണീയവും, ആസേചനകവുമായ പന്തലിൽവെച്ച്, വധൂവരന്മാരിലുള്ള വാത്സല്യാതിരേകത്താൽ സമാഗതരായ അനേകം രാജകുലാലങ്കാരഭൂതന്മാരുടേയും, ശ്രീമതി വി. കെ. ലക്ഷ്മിക്കുട്ടിനേത്യാരമ്മ അവർകൾ തുടങ്ങിയ മഹിളാമണികളുടേയും, ഗ്രാമോദ്ധാരണമന്ത്രി എ. ആർ. മേനോനവർകൾ മുതലായ ഉദ്യോഗസ്ഥരത്നങ്ങളുടേയും, ബ്രഹ്മശ്രീ എ. കെ. ടി. കെ. എം. വാസുദേവൻ നമ്പൂതിരിപ്പാടവർകൾ മുതലായ ഭൂസുരവരന്മാരുടേയും, ശ്രീമാന്മാർ കെ. വി. എം., ചങ്ങരങ്കോത കൃഷ്ണൻകൎത്താവു തുടങ്ങിയ പണ്ഡിതകവികളുടേയും, എ. ശങ്കരപ്പുതുവാൾ മുതലായ നിയമജ്ഞന്മാരുടേയും, മററനേകം മഹതീമഹാന്മാരുടേയും യഥോചിതമായ സാന്നിദ്ധ്യത്തോടും, നിരവധി മംഗളാശംസകളോടുംകൂടി ഈ മാസം 20-ാംനു- രാത്രി 9 മണിക്കമേലുണ്ടായ ശുഭമുഹൂൎത്തത്തിൽ സാഘോഷം സമംഗളം നടന്നിട്ടുള്ളതിൽ ഞങ്ങൾക്കുള്ള അമന്ദമായ ആനന്ദത്തെ ഇവിടെ രേഖപ്പെടുത്തുകയും, സമസ്തഗുണസമ്പന്നന്മാരും, സകലലോകകല്യാണലോലുപന്മാരുമായ ഈ അഭിനവജായാപതികൾക്ക് ആയുരാരോഗ്യാദികളോടും, ചിന്താനുഗുണസന്താനങ്ങളോടുംകൂടിയ ഭാസുരമായ ഭാവിയെ ആശംസിക്കുകയും ചെയ്തുകൊള്ളുന്നു

തൃശ്ശിവപേരൂർ,<br>20_9_1116.

രാജൎഷി പ്രവൎത്തകന്മാർ.

സംഗീതരംഗം.

## ദീക്ഷിതവംശം.

മുത്തുസ്വാമി ദീക്ഷിതരെപ്പററി മുൻപൊരു ലക്കത്തിൽ വിവരിച്ചിരുന്നല്ലോ. ദീക്ഷിതവംശത്തിൽപ്പെട്ട മററു ചില ഗായകന്മാരുടെ ചരിത്രസംഗ്രഹം ഈ ലേഖനത്തിൽ ചേർത്തുകൊള്ളുന്നു.

1. ഗോവിന്ദദീക്ഷിതർ. പ്രസിദ്ധനായ അപ്പയ്യദീക്ഷിതരുടെ കാലത്താണു് ഇദ്ദേഹം ജീവിച്ചിരുന്നതു്. തഞ്ചാവൂർ ദേശം അക്കാലത്തു് അച്യുതപ്പനായിക്കർ, രഘുനാഥനായിക്കർ എന്നിവരാണു് ഭരണം നടത്തിയിരുന്നതു്. ഗോവിന്ദദീക്ഷിതർ അവരുടെ മന്ത്രിപദവിയിലിരുന്നു് രാജ്യത്തിന്നു് പല നന്മകളും ചെയ്തു. ഒരു നല്ല സംസ്കൃതപണ്ഡിതനായ ദീക്ഷിതർ അനേകം ലക്ഷണഗീതങ്ങൾ നിർമ്മിച്ചു. ഇദ്ദേഹത്തിന്റെ പുത്രനാണു് സുപ്രസിദ്ധനും, 'ചതുർദ്ദണ്ഡിപ്രകാശിക'യുടെ കർത്താവുമായ വെങ്കിടമഖി.

2. രാമസ്വാമിദീക്ഷിതർ ഇദ്ദേഹം കശ്യപഗോത്രത്തിൽ 1735-ാമാണ്ടു് ജാതനായി; പിതാവു് വെങ്കടേശ്വരദീക്ഷിതനും, മാതാവു് ഭാഗീരഥിഅമ്മയുമായിരുന്നു. ഏഴാമത്തെ വയസ്സിൽ ഇദ്ദേഹം സംസ്കൃതം, തെലുങ്കു് എന്നീ ഭാഷകൾ അഭ്യസിക്കാൻ ആരംഭിച്ചു മാതാപിതാക്കന്മാരുടെ മരണത്തിനുശേഷം ദീക്ഷിതർ തഞ്ചാവൂരിലെത്തി വീരഭദ്രയ്യനിൽനിന്നും സംഗീതം അഭ്യസിച്ചു. രണ്ടുവർഷംകൊണ്ടു് മദ്ധ്യാർജ്ജുനം എന്ന സ്ഥലത്തുചെന്നു് വെങ്കിടമഖിയുടെ അനന്തരഗാമികളിൽ ഒരുവനായ വെങ്കടവൈദ്യനാഥദീക്ഷിതരെക്കണ്ടു് അദ്ദേഹത്തോടു് ചതുർദ്ദണ്ഡിപ്രകാശിക അനുസരിച്ചുള്ള രാഗസ്വഭാവങ്ങളും വീണാവാദനവും അഭ്യസിച്ചു. പിന്നീടു് അദ്ദേഹം തിരുവാരൂരിൽ താമസം ഉറപ്പിച്ചു. ഇവിടെവെച്ചാണു് പ്രസിദ്ധനായ മുത്തുസ്വാമിദീക്ഷിതർ ജാതനായതു്. ക്രമേണ ചിന്നസ്വാമി, ബാലസ്വാമി എന്നു രണ്ടു പുത്രന്മാരും, ബാലമ്മാൾ എന്നൊരു പുത്രിയും അദ്ദേഹത്തിന്നുണ്ടായി. ഇങ്ങനെയിരിക്കെ മുത്തുകൃഷ്ണമുതലിയാർ എന്ന മാന്യൻ ദീക്ഷിതരെ ക്ഷണിച്ചുകൊണ്ടുപോയി സ്വഭവനത്തിൽ താമസിപ്പിച്ചു. ഇങ്ങനെ മണലി എന്ന സ്ഥലത്തു വസിക്കുമ്പോഴാണു് അദ്ദേഹം 108 രാഗതാളമാലിക നിർമ്മിച്ചതു്. 'നാടകാദിവിദ്യാലാ' എന്നു തുടങ്ങുന്ന ഈ രാഗമാലിക പിൽക്കാലത്തു് പ്രസിദ്ധമായിത്തീർന്നിട്ടുണ്ടു്. ജയദേവരുടെ അഷ്ടപദിയോടു് ദീക്ഷിതർക്കു് അള

വററ ബഹുമാനമായിരുന്നു. ഏകാദശിതോറും അദ്ദേഹം ആ കൃതി മുഴുവനും പാടിയിരുന്നുവത്രേ. 1817-ൽ അദ്ദേഹം തിരുവാരൂരിലെത്തുകയും, ധാതുസംവത്സരത്തിലെ ശിവരാത്രിദിവസം പരലോകം പ്രാപിക്കുകയുംചെയ്തു.

ദീക്ഷിതരുടെ വർണ്ണങ്ങൾ, താനങ്ങൾ, കീർത്തനങ്ങൾ മുതലായവയിൽ രാഗഭാവം സജീവമായും, സമഗ്രമായും വിലസുന്നു. 'ഹംസധ്വനി' എന്ന രാഗം അദ്ദേഹം നൂതനമായി കണ്ടുപിടിക്കയും, അതിൻെറ വിവിധസഞ്ചാരങ്ങളെ സ്പഷ്ടമാക്കുന്ന ഒരു പ്രബന്ധം നിർമ്മിക്കയുംചെയ്തു.

3. ചിന്നസ്വാമിദീക്ഷിതർ. രാമസ്വാമിദീക്ഷിതരുടെ പുത്രനും, മുത്തുസ്വാമിദീക്ഷിതരുടെ അനുജനുമായ ഇദ്ദേഹം സംസ്കൃതം, തെലുങ്ക് എന്നീ ഭാഷകളിൽ വിദഗ്ദ്ധനും, വൈണികനുമായിരുന്നു. രാഗവിസ്താരത്തിൽ അദ്ദേഹത്തിൻെറ പാടവം അപ്രമേയമായിരുന്നു. ഒരു ദിവസം അദ്ദേഹം തിരുവാരൂരിൽവെച്ച് 'പുന്നാഗവരാളി' രാഗം വിസ്തരിക്കവേ ഒരു സർപ്പം രംഗത്തുവന്ന് ഉത്സാഹപൂർവ്വം നൃത്തം ചെയ്തുവെന്നുള്ള ഐതിഹ്യം 'സംഗീതസമ്പ്രദായപ്രദർശിനി' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചുകാണുന്നു. സ്വസഹോദരനായ മുത്തുസ്വാമിദീക്ഷിതരോടുകൂടി ഇദ്ദേഹം മധുരയിലെത്തി താമസിക്കുകയും, സംഗീതത്തിൻെറ പുരോഗതിയെ പലവിധത്തിലും സഹായിക്കുകയും ചെയ്തു. നാരദനെ സ്തുതിച്ച് തോടിരാഗത്തിൽ അദ്ദേഹം നിർമ്മിച്ചിട്ടുള്ള 'ഗാനലോലകരുണാലവാല' എന്ന കീർത്തനം സുപ്രസിദ്ധമാണല്ലൊ.

4. ബാലസ്വാമിദീക്ഷിതർ. ചിന്നസ്വാമിദീക്ഷിതരുടെ ഇളയ സഹോദരനായ ഇദ്ദേഹം 1786-ാമാണ്ട് ജനിച്ചു. തെലുങ്ക് ഭാഷയിലും, സംഗീതത്തിലും ദൃഢമായ വ്യുൽപ്പത്തി സമ്പാദിക്കയാൽ ഇദ്ദേഹത്തിൻെറ കീർത്തി ദക്ഷിണഭാരതമെങ്ങും വ്യാപിച്ചു. വീണ, ഫിഡിൽ, സിററാർ, മൃദംഗം എന്നീ വാദ്യങ്ങളിൽ ദീക്ഷിതർ അന്യാദൃശമായ പാടവം പ്രകടിപ്പിച്ചു. സ്വസഹോദരനായ ചിന്നസ്വാമിദീക്ഷിതർ മധുരാപുരിയിൽവെച്ചു പരലോകം പ്രാപിച്ചതിൽപ്പിന്നീട് അദ്ദേഹം പല സ്ഥലങ്ങളിലേയ്ക്കും തീർത്ഥയാത്ര പോയി. എട്ടിയാപുരം സംസ്ഥാനത്തിലെ വിദ്വാനായി വീണ്ടും കുറെക്കാലംകൂടി ജീവിച്ചതിൽപ്പിന്നീട് 1858-ാമാണ്ട് ഇദ്ദേഹം പരലോകം പ്രാപിച്ചു. ബാലസ്വാമിദീക്ഷിതരുടെ കൃതികളും സാരള്യം, രാഗഭാവം തുടങ്ങിയുള്ള ഗുണങ്ങളാൽ സരസങ്ങളാണ്.

5 വെങ്കടമഹി. ഗോവിന്ദദീക്ഷിതരുടെ ദ്വിതീയപുത്രനത്രേ വെങ്കടമഹി. ഉത്തരഭാരതീയനായ ഒരു താനപ്പാചാര്യ്യരാണ് ഇദ്ദേഹത്തിൻെറ ഗുരു; ഈ വസ്തുത അഠാരഭിരാഗത്തിലുള്ള 'ഗന്ധർവ്വജനത' എന്ന ഗീതത്തിൽ സ്മരിക്കുന്നുണ്ട്. വിജയരാഘവഭൂപൻെറ അപേക്ഷ അനുസരിച്ചു വെങ്കടമഹി 1660-ാമാണ്ട് ചതുർദ്ദണ്ഡിപ്രകാശിക എന്ന വിശിഷ്ടഗ്രന്ഥം നിർമ്മിച്ചു. ഇതിൽ വീണ, ശ്രുതി, സ്വരമേളം, രാഗം, ആലാപം, ഗീതം, പ്രബന്ധം, താളം എന്നീ വിഷയങ്ങളെപ്പററി സരസമായി പ്രതിപാദിച്ചിരിക്കുന്നു. രാഗാംഗരാഗം, ഉപാംഗരാഗം, ഭാഷാംഗരാഗം എന്നീ രാഗഭേദങ്ങളുടെ ലക്ഷണങ്ങൾ അദ്ദേഹം ശ്ലോകരൂപത്തിൽ വിവരിച്ചിരിക്കുന്നു. ഇവയെ ഗീതങ്ങൾകൊണ്ട് ഉദാഹരിച്ചിട്ടുള്ളതിനാൽ അവ സുഗ്രഹവുമായിത്തീൻു. ജയദേവരുടെ അഷ്ടപദിയെ മാതൃകയാക്കി ഇദ്ദേഹം ത്യാഗരാജസ്വാമിയെപ്പററി ഇരുപത്തിനാല് അഷ്ടപദികൾ നിർമ്മിച്ചു. ഇദ്ദേഹത്തിൻെറ രാഗാംഗലക്ഷണങ്ങൾ വായിച്ചാൽ പല രാഗങ്ങളുടേയും ഉല്പത്തി മുതലായവ നമുക്കു സൂക്ഷ്മമായി ഗ്രഹിക്കാവുന്നതാണ്. വെങ്കടമഹിയുടെ ചില ഉപാംഗരാഗങ്ങൾ പിൽക്കാലത്ത് ഭാഷാംഗരാഗങ്ങളായി തരംതിരിഞ്ഞിട്ടുണ്ട്. ചില രാഗങ്ങൾ നിശ്ശേഷം നടപ്പില്ലാതെയും ആയിട്ടുണ്ട്.

കെ. എൻ. ഗോപാലപിള്ള, എം. എ.

---

## താന്നിക്കുടപഞ്ചകം.

1

പാരം ഭക്ത്യാ ഭജിക്കുന്നവരുടെ ദുരിതം സർവ്വുംപോക്കി രക്ഷാ-
ഭാരം കയ്യാട്ട തൃക്കൈകളിലനവരതം ഖഡ്ഗശൂലാദിയേന്തി
ക്രൂരന്മാരായ ദൈത്യക്ഷതിഭയമരുളും ഭദ്രകാളിസ്വരൂപം
നേരേ കൈക്കൊണ്ടു താന്നിക്കുടമടിയരുളും ദേവിയാലംബനംമേ.

2

ഞങ്ങൾക്കിന്നില്ലൊരുമാശ്രയമഗതികളെപ്പോററ മാതാവുപോലേ
ഭംഗംകൂടാതെ രക്ഷിപ്പതു സകലജഗദ്ധാത്രിയാമമ്മയല്ലോ
ഗംഗാജാരാത്മജേ! നിൻ തിരുവടി കനിയില്ലൊട്ടുമെന്നാകിലീഞാ-
നെങ്ങോ പോരുകണ്ടു? താന്നിക്കുടമടിയരുളും ദേവിയാലംബനംമേ.

3

ലോകം മൂന്നും നിറഞ്ഞീടിന തിരുവടിയിത്തട്ടകത്തുള്ള ലോക-
ർക്കാലംബം കടുംവ്യാധികളിവിടെയടുക്കാതെ രക്ഷിപ്പതും നീ
പാകപ്രദ്വേഷിമുഖ്യാമമരർ ഭവതിയെസ്സേവചെയ്താവസിപ്പൂ
ശോകം കൂടാതെ താന്നിക്കുടമടിയരുളും ദേവിയാലംബനംമേ.

4

ദംഷ്ട്രാഗ്ര്യൻ ദാനവൻ ദാരുകനഖിലജനദ്വേഷി കൊൽവാൻ പുമാന്മാ-
ർക്കൊട്ടും സാധിക്കയില്ലെന്നൊരു വരമുടയോൻ തദ്വധത്തിന്നുവേണ്ടി-
രുട്ടത്യന്തം കലർന്നീടിന പരമശിവൻ തന്റെ തീക്കണ്ണിൽനിന്നും
പെട്ടെന്നുണ്ടായി; താന്നിക്കുടമടിയരുളും ദേവിയാലംബനംമേ.

5

കണ്ടീടുന്നില്ല രക്ഷക്കൊരുവഴിയെവിടെപ്പോകിലും ദുഃഖമല്ലാ-
തുണ്ടാകുന്നില്ല തെല്ലെങ്കിലുമൊരുസുഖമിമ്മട്ടു വല്ലാതെയിപ്പോൾ
തിണ്ടാടീടുന്നൊരെൻ സങ്കടമിതു ശമമാർന്നീടുവാൻ തൃക്കടാക്ഷം
കൊണ്ടേ സാധിയ്ക്കൂ; താന്നിക്കുടമടിയരുളും ദേവിയാലംബനംമേ.

കട്ടവിൽ ശങ്കരൻകുട്ടിമേനോൻ.

# തിരുവാതിരക്കളി.

(കേരളീയാംഗനമാരുടെ കലാവൈദഗ്ദ്ധ്യത്തെ പ്രദശിപ്പിക്കുന്ന നൃത്തവിശേഷം.)

മനുഷ്യൻ വികാരത്തിന്നു വിധേയനാകുമ്പോൾ അവനിൽനിന്ന് ആ വികാരത്തിന്റെ ധർമ്മത്തിനനുഗുണമായ അംഗചേഷ്ടകൾ വെളിപ്പെടുന്നതു കാണാം. അതിയായ സന്തോഷത്തിനോ, അത്ഭുതത്തിനോ അവനിൽ ചലനമുണ്ടാക്കുവാൻ സാധിക്കുന്നു. അതിന്റെ തീക്ഷ്ണതയുടെ ഗുരുലഘുത്വമനുസരിച്ച് ആ ചലനത്തിൽ കാലാംശത്തെ കലർത്തുകയും ചെയ്യുന്നു. ഇപ്രകാരം മനുഷ്യന്റെ കലാപരമായ ചലനത്തിന്റെ ഫലമായാണ് നൃത്തത്തിന്റെ ഉത്ഭവം. ലോകത്തിലെ ഏതു വിഭാഗത്തുള്ള ജനസമുദായത്തിന്റെ ചരിത്രം നോക്കിയാലും അതതു ദേശക്കാർക്കുള്ള പാരമ്പര്യത്തിനും സംസ്കാരത്തിനും അനുഗുണമായ നൃത്തവിശേഷങ്ങൾ സ്ത്രീകളിലും, പുരുഷന്മാരിലും വളർന്നുവന്നിട്ടുള്ളതായിക്കാണാം.

ഈശ്വരാരാധനയോടനുബന്ധിച്ചായിരിക്കണം സകലവിധ നൃത്തങ്ങളുടെയും ആവിർഭാവം. അപ്പോൾ താളാനുസൃതമായി ചലിക്കുവാനുള്ള

ഏതോ ഒരു ദൈവികപ്രചോദനയുടെ ഫലമാണു നൃത്തമെന്നു വരുന്നു.

ഭാരതീയനൃത്തങ്ങളെ നമുക്കു രണ്ടായി വിഭജിക്കാം. ഗംഭീരവും, ചിലപ്പോൾ ഭയോദ്ദീപകവുമായ ഗാത്രവിക്ഷേപങ്ങളോടും, തീക്ഷ്ണവും പ്രയത്നകരവുമായ കായികചലനത്തോടുംകൂടിയ താണ്ഡവം ഒന്ന്; ശാന്തസുന്ദരമായ ഭാവത്തോടും, സുലളിതപദവിന്യാസത്തോടും, സുകുമാരചേഷ്ടകളോടുംകൂടിയ ലാസ്യം രണ്ടാമത്തേതു്. ഇതിൽ ആദ്യത്തേതു് പുരുഷന്മാൎക്കുവേണ്ടിയും, രണ്ടാമത്തേത് സ്ത്രീകൾക്കുവേണ്ടിയുമുള്ളതാണ്.

ലാസ്യപ്രധാനങ്ങളായ നൃത്തങ്ങളെക്കാൾ കേരളത്തിൽ വളൎന്നുവന്നതു താണ്ഡവപ്രധാനങ്ങളാണ്. എന്നാൽ കേരളീയാംഗനമാരിൽ അതിപ്രാചീനകാലംമുതൽതന്നെ നടപ്പിലിരുന്ന നൃത്തങ്ങളാണ് തിരുവാതിരക്കളിയും, മോഹിനിയാട്ടവും. ഇതിൽ മോഹിനിയാട്ടം അൎവ്വാചീനവും, നൃത്യത്തിന്റെ പടിയിലേയ്ക്കുയൎന്നതുമാണ്. കേരളത്തിലെ സ്ത്രീകളുടെ സ്വന്തമെന്നഭിമാനിക്കാവുന്ന ഈ തിരുവാതിരക്കളി ഇന്നു മിക്ക സ്ഥലത്തും അസ്തമിച്ചുപോയിരിക്കയാണ്. ചില സ്ഥലങ്ങളിൽ, അതിനുണ്ടായിരുന്ന തറവാടിത്തവും, തനിമഹത്വവും കളഞ്ഞു് കൃത്രിമമായ പകിട്ടുകൾ വരുത്തി പെണ്ണുങ്ങളുടെ ഒരുതരം ഞാണിന്മേൽ ദണ്ഡിപ്പായിട്ടുണ്ടു്.

പുരാതനകാലത്തു കേരളത്തിലെ കുലസ്ത്രീകളുടെയിടയിൽ നടപ്പിലിരുന്നതും; ഇന്നും അപൂൎവ്വം ചില സ്ഥലങ്ങളിൽ നടപ്പിലിരിക്കുന്നതുമായ ആ തനി തിരുവാതിരക്കളിയുടെ മഹത്വത്തെക്കുറിച്ചുള്ള പ്രതിപാദനമേ ഈ ലേഖനത്തിൽ വിവക്ഷിതമായിട്ടുള്ളു. കന്യകയായിരുന്ന ശ്രീപാൎവ്വതിക്കു തന്റെ തപസ്സിന്റെ ഫലമായി ശ്രീപരമേശ്വരൻ പ്രത്യക്ഷപ്പെട്ടതു ധനുമാസത്തിൽ തിരുവാതിരനാളിലാണെന്നാണ് ഹിന്ദുക്കൾ വിശ്വസിച്ചുപോരുന്നതു്. ആ ദിവസത്തെ കന്യകമാർ ആഘോഷിക്കുന്നതായിട്ടാണ് തിരുവാതിരക്കളിയുടെ സങ്കല്പം. തിരുവാതിര നാളിന് ഏഴോ, പതിനൊന്നോ ദിവസത്തിനുമുമ്പു മുതൽ സ്ത്രീകൾ ഒത്തുചേൎന്ന് പാൎവ്വതിയെ സ്തുതിച്ചു നൃത്തംചെയ്യുകയും, തിരുവാതിരദിവസം വ്രതമെടുത്തു രാത്രി മുഴുവൻ ആരാധനാപരമായ ഈ വിനോദത്തിലേൎപ്പെടുകയും ചെയ്യുന്നു.

"നൃത്തം താളലയാശ്രിതം" എന്ന നിൎവ്വചനം കേരളീയനൃത്തങ്ങൾക്കെല്ലാം ചേരുന്നതുപോലെ ഈ തിരുവാതിരക്കളിക്കും ചേരുന്നുണ്ടു്. പഴയ കാലത്തു് ഇതിനുപയോഗിച്ചിരുന്ന ഗാനങ്ങളെല്ലാംതന്നെ

താളപ്രധാനങ്ങളായിരുന്നു. സൌന്ദര്യത്തിനു കേൾവികേട്ടിട്ടുള്ള കേരളീയാംഗനമാർ ശുഭ്രവസ്ത്രധാരിണികളായി കൃത്രിമത്വത്തിന്റെ ലേശവും തോന്നാത്തവിധം വിഭൂഷിതകളായി ഏറിയകൂറും ദ്രാവിഡപദങ്ങളെക്കൊണ്ടു നിർമ്മിച്ചിട്ടുള്ള താളപ്രധാനങ്ങളായ പ്രാചീനഗാനങ്ങൾ പാടി ചുവടുവെച്ചു നൃത്തംചെയ്യുന്നതു കണ്ടാൽ കണ്ണും കരളും കുളുർക്കുമെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. സംഗീതവും അതിനോടു ചേർന്നുള്ള ചുവടുവെയ്പുമല്ലാതെ നാട്യാംശം ഇതിൽ ഒട്ടുംതന്നെ കലർന്നിട്ടില്ല. തന്മൂലം ബുദ്ധിയുടെ പ്രവൎത്തനമാവശ്യമില്ലായ്കയാൽ പണ്ഡിതപാമരന്മാരെ ഒരുപോലെ ആനന്ദിപ്പിക്കുമെന്നുള്ളതാണ് ഇതിന്റെ ഒരു വൈശിഷ്ട്യം. ചെറുപ്പകാലത്തു തിരുവാതിരക്കളിയിൽ വിദഗ്ദ്ധകളായിരുന്ന ഇന്നത്തെ ചില വൃദ്ധകൾ രുഗ്മിണീസ്വയംവരം പത്തുവൃത്തത്തിലെ "കൊണ്ടൽവേണിയാൾ" "അഞ്ചിതകേളിമനോഹരഭാഷിണി" തുടങ്ങിയുള്ള പാട്ടുകൾ പാടുന്നതു കേട്ടാൽ കേരളീയസംഗീതത്തിന്റെയും, അതിന്റെ ഒരു കാലത്തെ വളർച്ചയുടേയും മഹത്വം നമുക്കനുഭവപ്പെടും.

തിരുവാതിരനാൾ അർദ്ധരാത്രിയോടുകൂടി പാതിരാപ്പൂ ചൂടുകയെന്നൊരു ചടങ്ങുണ്ട്. അതിനായി ഇവർ അണിനിരന്നുനിന്ന്, ആ അവസരത്തിൽ പാടുവാനുള്ള പ്രത്യേക പാട്ടുകളും പാടി ചുവടുവെച്ചു പൂപറിക്കുവാൻ പോകുന്ന പോക്ക്; സായ്പിന്റെ കൂടെയിരുന്ന് ഇന്നത്തെ പകിട്ടുനൃത്തങ്ങൾ കണ്ട്, സായ്പ് കൈകൊട്ടുമ്പോൾ കൂടെ കൊട്ടുന്നവർ കാണേണ്ടതാണ്. ആ അവസരത്തിൽ പാടുന്നു:—

"ഒന്നാകും ചെറുകുന്നിൽ മങ്ങാതെ വാഴുന്ന-,
    കുന്നിൻ മകൾ തന്നെ വന്ദിപ്പാനായ്
സുന്ദരിമാരായ ബാലതരുണിമാർ-
    പോരുന്നുണ്ടോ നിങ്ങൾ പോരുന്നുണ്ടോ.

രണ്ടാകും ചെറുകുന്നിൽ കൊണ്ടാടിവാഴുന്ന-
    തണ്ടാർശരാരാതി കാന്തതന്നെ
കണ്ടുവന്ദിക്കുകിലിണ്ടലകന്നുപോം-
    തണ്ടാർമിഴിമാരേ! പോരുന്നുണ്ടോ!

മൂന്നാകും ചെറുകുന്നിൽ നന്നായി വാഴുന്ന-
    മുക്കണ്ണൻതന്നുടെ വല്ലഭയെ
മെയ്യുണ്ണിമാർ നിങ്ങൾ ചെന്നു വന്ദിക്കുകിൽ-
    ദുഃഖങ്ങളെല്ലാമകന്നുപോകും.

നാലാകും ചെറുകുന്നിൽ ലീലാവിലാസേന-
    കോലാഹലത്തോടു വാണിടുന്ന

കാലാരിവല്ലഭ തൻപാദപങ്കജം-
പാലേ ഭജിക്കുവിൻ മങ്കമാരേ
അഞ്ചാകം ചെറുകന്നിൽ ചാഞ്ചാടിവാഴുന്ന-
പഞ്ചവിശിഖാരി കാന്തതന്നെ
അഞ്ചാതെകണ്ടങ്ങു ചെന്നു വന്ദിക്കുവാൻ-
കൊഞ്ചൽമൊഴിമാരേ! പോരുന്നുണ്ടോ ”

*　*　*　*　*　*

എന്നിപ്രകാരം പാർവ്വതീദേവിയെ സ്തുതിച്ചുള്ള ഗാനത്തിലും,

“തൃശ്ശിവപേരൂർ മതിലകത്ത്-ഒന്നല്ലോ പൂത്തിലഞ്ഞി
ആയിലഞ്ഞിപ്പൂപറിപ്പാൻ-പോരിൻ പോരിൻ തോഴിമാരേ ”

എന്നിങ്ങനെയുള്ള പൂപറിപ്പു പാട്ടിലും, അനുക്രമമായി മുന്നോട്ടു നീങ്ങുവാനുള്ള ലയവും (Marching rhythm) വർണ്ണങ്ങളുടെ പൊരുത്തംകൊണ്ടു വന്നിട്ടുള്ള ശബ്ദഭംഗിയും എത്രയെന്നു നോക്കുക. ഈമാതിരി ഗാനങ്ങൾ അനവധിയുണ്ട്. അവയെല്ലാം ശേഖരിക്കുവാനും, അവയിൽ നിന്നു പുതിയ പുതിയ വൃത്തങ്ങൾ സ്വീകരിക്കുവാനും ഇന്നത്തെ യുവകവികൾ ശ്രമിക്കേണ്ടതാണ്.

പാതിരാപ്പൂ ചൂടിക്കഴിഞ്ഞാൽ പിന്നീടു “പുലവൃത്തം” പാടി കളിക്കുകയെന്നതാണ് പണ്ടത്തെ വഴ്ക്ക്. ഈ “പുലവൃത്തം” കേരളത്തിലെ പണ്ടത്തെ കാലദേശാവസ്ഥകളെ വെളിപ്പെടുത്തുന്ന ഒരു ദീർഘമായ ഗാനമാണ്. കേരളത്തിലെ പ്രഭുകുടുംബങ്ങളുടെ അവസ്ഥയും, അവയുടെ അടിയാരായി കഴിയുന്ന പുലയരുടെ സ്ഥിതിയും അന്നത്തെ കൃഷിസമ്പ്രദായങ്ങളുമെല്ലാം ഇതിൽ രസകരമായി ചിത്രീകരിച്ചിട്ടുണ്ട്.

“കന്നിപ്പുലായത്തിൽ കല്ലനാർപൂണ്ട്
പിന്നെക്കുടിമാടം പുക്കേനടിയൻ
എന്നും പുലയനും എർമാടത്തേൽ
താഴത്തെ മാടത്തിൽ തീയും പെരുക്കി.
കോവിലുകൂവി വിളിച്ചവരുമിപ്പോൾ
കന്തവുമൂന്നി കുട തേളിൽവെച്ച്
നാളത്തെ നല്ല മകരപ്പൊഴുതിന്ന്
ഇക്കണ്ടംനട്ടു നട്ടച്ചിൽ പൊലിക്കണം
താഴത്തെക്കണ്ടം കഴിക്കണ്ടമങ്ങിനെ
ഏറെക്കുറവുള്ള വിത്തുവേണം
ചെങ്ങല്ലുമാരിയന്നല്ല കുറുകയും
ചീരകച്ചെമ്പാവു ചാരപ്പൊക്കാളി”

എന്നിപ്രകാരമുള്ള ഭാഗങ്ങളിൽനിന്ന് അന്നത്തെ പുലയരുടെ സ്വാമിഭക്തിയും, കൃഷിയിലുള്ള നിശ്ചയവുമെല്ലാം വെളിപ്പെടുന്നു. ഈ “പുലവൃ

ത്തം" മുഴവൻ പിന്നീടൊരവസരത്തിൽ ഒരു ലേഖനവിഷയമാക്കിക്കൊള്ളാം. ഈവിധത്തിലെല്ലാം പ്രാധാന്യമർഹിക്കുന്ന നമ്മുടെ കേരളത്തിലെ ആ കലയെക്കുറിച്ചു കലാപ്രണയികളും, സാഹിത്യഗവേഷകന്മാരും ശ്രദ്ധിക്കേണ്ടതാണെന്നു ചുരുക്കം.

പി. കെ. ശിവശങ്കരപ്പിള്ള, ബി. എ.

## മംഗളാശംസ.

പൌരാണികകാലംമുതല്ക്കു തിരുവിതാംകൂർ മഹാരാജവംശത്തിലെ ഉത്തമമിത്രമായി വർത്തിച്ചുവരുന്ന പൂഞ്ഞാർ രാജകുടുംബത്തിലെ അധിപതിയും മലയാളം, സംസ്കൃതം, ഇംഗ്ലീഷ് മുതലായ വിവിധ ഭാഷകളിലും അനന്യസാധാരണമായ പാണ്ഡിത്യം സിദ്ധിച്ച, തികഞ്ഞ സാഹിത്യരസികനും, കവിയും, ഈശ്വരഭക്തനും ആയ മഹാമഹിമശ്രീ **പൂഞ്ഞാററിൽ കേരളവർമ്മരാജാ** തിരുമനസ്സിലെ ഷഷ്ട്യബ്ദപൂർത്തി മഹാമഹം ഈ മാസം 17-ാംനു- (രോഹിണിനക്ഷത്രം) അവിടത്തെ സ്ഥിരവാസസ്ഥാനമായ പൂങ്കുന്നം കോവിലകത്തുവെച്ചു് എത്രയും ഭംഗിയായി നടന്നിരിക്കുന്നു. മഹാബ്രാഹ്മണക്കും മററും വിധിപ്രകാരമുള്ള ദാനങ്ങളും വിഭവസമൃദ്ധമായ സദ്യയും, സാധുക്കൾക്കു മൃഷ്ടാന്നദാനങ്ങളും കൊടുക്കുകയുണ്ടായി. തിരുമനസ്സിലേക്കു് ഒട്ടേറെ മംഗളപത്രങ്ങളും, തിരുമുൽക്കാഴ്ചകളും കിട്ടുകകയും ഉണ്ടായി.

ഞങ്ങളുടെ "രാജഷി കലാനിലയ"ത്തിൻെറ ഉത്തമമിത്രമായ തമ്പുരാൻ തിരുമനസ്സുകൊണ്ടു് അരോഗദൃഢഗാത്രനായി ചിരകാലം വാണരുളുവാൻ സർവ്വശക്തനായ ജഗദീശ്വരൻ കടാക്ഷിക്കുമാറാകട്ടെ! രാ. പ.

നിരൂപണം.

# പത്രമീമാംസ.

ഗ്രന്ഥകർത്താ: അപ്പുതസ്വാമി.

വില അണ 8.

പ്രസാധകന്മാർ: മംഗളോദയം പ്രസ്സ്,

തൃശ്ശിവപേരൂർ.

സാഹിത്യത്തിൽ ഏതെങ്കിലും ഒരു പ്രസ്ഥാനം വഴിപിഴച്ചു തുടങ്ങിയാൽ ആസംഗതി സാഹിത്യകാരന്മാരേയും സഹൃദയലോകത്തേയും ഹൃദ്യവും ഫലപ്രദവുമായ രീതിയിൽ മനസ്സിലാക്കി, ആ പ്രസ്ഥാനത്തെ ശരിയായ മാർഗ്ഗത്തിൽക്കൂടി നയിക്കുന്നതിന്നുള്ള ഉദ്യമങ്ങളിൽ കേരളത്തിലെ സാഹിത്യകാരന്മാർ ഒരു കാലത്തും പിന്നണിയിലായിരുന്നില്ല. നിശിതമായ നിരൂപണംകൊണ്ടും, പരിഹാസപൂർവ്വപരമായ അനുകരണംകൊണ്ടും സാഹിത്യത്തിൽ ദോഷാംശങ്ങളുടെ ആക്രമണത്തേയും, ആവർത്തനത്തേയും തടുക്കാറുണ്ടെങ്കിലും കാര്യസാദ്ധ്യത്തിന്നു കൈകണ്ട മാർഗ്ഗം ഹാസ്യപ്രധാനമായ രണ്ടാമത്തേതാണെന്നു് അനുഭവംതന്നെ വിളിച്ചു പറയുന്നുണ്ട്. മലയാളത്തിൽ ഇപ്രകാരമുള്ള ഹാസസാഹിത്യത്തിന്റെ ആവിർഭാവം ഏതാണ്ട് തോലകവിയുടെ കാലം മുതല്ക്കാണ്. പിന്നീട് കാലാനുസൃതമായി ഈ പ്രസ്ഥാനം അഭിവൃദ്ധിപ്പെട്ടിട്ടുമുണ്ട്. ഭാഷാനാടകപ്രസ്ഥാനത്തിന്നു വൈകല്യം സംഭവിച്ചു തുടങ്ങിയപ്പോൾ രാമക്കുറുപ്പിന്റെ "ചക്കീചങ്കരം" നോവൽപ്രസ്ഥാനം ദുഷിച്ചുതുടങ്ങിയപ്പോൾ കിഴക്കേപ്പാട്ടു ഗോപാലമേനോന്റെ "പറങ്ങോടീപരിണയം"; സന്ദേശപ്രസ്ഥാനം അധഃപതിച്ചുതുടങ്ങിയപ്പോൾ ശീവൊള്ളിയുടെ "ദാത്യൂഹസന്ദേശം"; മഹാകാവ്യപ്രസ്ഥാനത്തിനു ഹാനിതട്ടിത്തുടങ്ങിയപ്പോൾ കിടങ്ങൂർ കൃഷ്ണവാരിയരുടെ "കോതാരകളം"; ഭാഷാകവിതകൾക്കു മാർഗ്ഗഭ്രംശം വന്നുതുടങ്ങിയപ്പോൾ പ്രഫുല്ലചാര്യരുടെ "അഭിനവകാവ്യാദർശം"; ഇങ്ങിനെ ഉദ്ദിഷ്ടഫലം കൈവരുത്തിട്ടുള്ള ഹാസ്യരസപ്രധാനങ്ങളായ കൃതികൾ കേരളഭാഷാലോകത്തിൽ അതാതുകാലം ഉണ്ടായിട്ടുണ്ട്. അവ്വണ്ണംതന്നെ പത്രധർമ്മത്തിന് ഗ്ലാനി സംഭവിച്ചപ്പോൾ ആ വസ്തുത ലോകദൃഷ്ടിയിൽപ്പെടുത്തി ധർമ്മസംസ്ഥാപനം ചെയ്വാൻ അവതരിച്ച ഒരു ഉത്തമ സാഹിത്യഗ്രന്ഥമാണ് നിരൂപണവിഷയമായ പത്രമീമാംസ. മനുഷ്യസമുദായത്തിന്റെ നാനാമുഖമായ അഭിവൃദ്ധിയെ സാരമായി സ്പർശിക്കുന്ന പത്രപ്രവർത്തനപ്രസ്ഥാനം സാഹസികളായ ചില സ്വാർത്ഥകനിരതന്മാരുടെ നിരങ്കുശമായ തൂലികാവ്യാപാരത്താൽ ഏതുവിധത്തിലാണ് അധഃപതിച്ചു പോകുന്നതെന്നു ശരിയായി പ്രതിഫലിപ്പിച്ചുകാട്ടുന്ന ഒരു നിർമ്മലദർപ്പണംതന്നെയാണ് ഈ ഗ്രന്ഥമെന്നു നിർമ്മത്സരബുദ്ധികളായ സഹൃദയന്മാർ നിസ്സംശയം സമ്മതിക്കുന്നതാണ്.

പ്രാചീന ശാസ്ത്രഗ്രന്ഥങ്ങളുടെ മാതൃകയെ അനുകരിച്ച് സൂത്രം, ഭാഷ്യം, ഉദാഹരണം എന്നിവമൂലം കാര്യം വെളിവാക്കിക്കൊണ്ടാണ് ഈ പുസ്തകം രചിച്ചിട്ടുള്ളത്. വ്യാജസ്തുതി, വ്യാജവർണ്ണന എന്നിവയാണ് ഇതിൽ പ്രധാനോപാധികളായി അംഗീകരിച്ചിട്ടുള്ളത്. സഹൃദയനല്ലാത്ത ഒരാൾക്കു ഗൌരവമേറിയ ഒരു ശാസ്ത്രഗ്രന്ഥം മാത്രമായി തോന്നുന്ന ഈ ഗ്രന്ഥം സഹൃദയന്മാർക്ക് അത്യാസ്വാദ്യകരമായ ഒരു പരിഹാസകവനമായി പ്രഥമദൃഷ്ടിയിൽത്തന്നെ പ്രത്യക്ഷപ്പെടുന്നതാണ്. പത്രപ്രവർത്തനത്തിന്റെ ഉദ്ദേശവൈപരീത്യം, പത്രനാമങ്ങളുടെ അർത്ഥശൂന്യത, അനർഹന്മാരുടെ പത്രാധിപത്യം, പത്രധർമ്മത്തിന്റെ വ്യതിയാനം, പത്രഭാഷയുടെ ശോച്യാവസ്ഥ, പത്രപംക്തി നിറയ്ക്കുന്ന സമ്പ്രദായം എന്നിവയെ വ്യക്തിവിദ്വേഷസ്പർശംകൂടാതെ അത്യുന്നതമായ ഗൌരവത്തോടും, അന്യാദൃശമായ ചമല്ക്കാരത്തോടുംകൂടി ഹാസസാഹിത്യത്തിന്റെ മർമ്മം കണ്ടറിഞ്ഞിട്ടുള്ള ഗ്രന്ഥകാരൻ ഇതിൽ കണക്കിനു കളിയാക്കീട്ടുണ്ട്. പത്രപ്രവർത്തനത്തെ സംബന്ധിക്കുന്ന അതിസൂക്ഷ്മങ്ങളായ സംഗതികളെ അധികരിച്ചുപോലും ഗ്രന്ഥകാരൻ കൂലങ്കഷമായി പര്യവേക്ഷണം നടത്തിയിട്ടുണ്ടെന്ന് ഇതൊരുപ്രാവശ്യം വായിച്ചുനോക്കിയാൽ അനുഭവപ്പെടുന്നതാകുന്നു. കേരളത്തിലെ പത്രപ്രവർത്തനത്തിനു അടുത്ത കാലത്തുണ്ടായിട്ടുള്ള മാർഗ്ഗഭ്രംശത്തെപ്പററി ചിന്തിക്കുമ്പോൾ പത്രമീമാംസപോലെ ഒരു

ഗ്രന്ഥമല്ല, അനവധി ഗ്രന്ഥങ്ങൾ ഉണ്ടാകേണ്ട കാലം വൈകിപ്പോയിരിക്കുന്നുവെന്നാണു ഞങ്ങൾക്കു തോന്നുന്നതു്.

പരിഹാസകവനത്തിനു് അപ്പുതസ്വാമിക്കുള്ള പാടവം ഒന്നു പ്രത്യേകംതന്നെയാണെന്നു് ഈ പുസ്തകം വിളിച്ചുപറയുന്നുണ്ടു്. സൂത്രത്തിലോ, ഭാഷ്യത്തിലോ, ഉദാഹരണത്തിലോ, അതോ ഗ്രന്ഥത്തിന്റെ ഘടനാവൈചിത്ര്യത്തിലോ ഇതു മുന്നിട്ടു നില്ക്കുന്നതെന്നു പറയുവാൻ പ്രയാസമാണു് മാതൃകയ്ക്കുവേണ്ടി ഇതിലെ "പത്രഭാഷ" എന്ന ആറാം പരിച്ഛേദത്തിലെ 43-ാംശ്ലോകവും അതിന്റെ ഭാഷ്യവും മാതൃകകളും താഴെ ചേർക്കുന്നു.

പത്രലോകത്തിലെബ്ഭാഷാ പത്രഭാഷേതി കീർത്തിതാ
നിത്യപാരായണക്കാർക്കേ കൃത്യമായർത്ഥമായിടൂ.

ഭാഷ്യം—പത്രലോകത്തിനൊരു പ്രത്യേക ഭാഷയുണ്ടു്. അതിനെ പത്രഭാഷയെന്നഭിധാനംചെയ്തിരിക്കുന്നു. ആയതു നിത്യപാരായണക്കാർക്കു മാത്രമേ ശരിയായി മനസ്സിലാക്കുവാൻ സാധിക്കയുള്ളു.

മാതൃകകൾ: 1 കാണാതെപോയ കൃഷ്ണവർണ്ണത്തിലുള്ള കുട്ടിപ്പെണ്ണമ്മയുടെ പശുവെ ആലത്തൂരിനു സമീപംവച്ചു കണ്ടുകിട്ടിയിരിക്കുന്നു.

2. പ്രായപൂർത്തിവോട്ടവകാശം നേടുവാൻ നിരന്തരയത്നം ചെയ്തുവരുന്നുണ്ടു്.

3 ഇന്ത്യയിലെ മുപ്പത്തഞ്ചുകോടി ജനങ്ങളുടെ ഹൃദയാന്തർഭാഗത്തു മാറ്റൊലിക്കൊള്ളുന്ന ഒരാഹ്വാനമാണു് അദ്ദേഹം തുടർന്നു സ്വാതന്ത്ര്യത്തിന്റേതു്

4. തന്റെ മേൽനോട്ടത്തിൻകീഴിലുള്ള സ്ഥലങ്ങളിലെല്ലാം ലഹള ഒരുവിധം ഭംഗിയായിട്ടാണു് അദ്ദേഹം നടത്തീട്ടുള്ളതു്.

5. ഇന്നലെ പെയ്ത മഴയും കാറ്റും ഹേതുവായി രണ്ടുപേർ ഒരു മരംവീണു മരിച്ചിരിക്കുന്നു.

'പണം കിട്ടുന്നതോടൊപ്പം ഗുണം കാണുന്ന പത്രപൻ' താൻ ഉപജീവിച്ചുപോരുന്ന പത്രപ്രശംസാപ്രിയനായ തന്റെ ഉപാസനാമൂർത്തിയുടെ ദന്തധാവനത്തെപ്പോലും വർണ്ണിക്കുന്ന സമ്പ്രദായത്തെ പരിഹസിച്ചു് എഴുതിയിട്ടുള്ള "ഒരു ദന്തധാവനമഹാമഹത്തിൽ കാണുന്ന വർണ്ണനയിലെ അനർഗ്ഗളമായ ഹാസ്യരസപ്രവാഹം അനുഭവിച്ചുതന്നെ അറിയേണ്ടതാണ്. നാം അറിയാതെതന്നെ നമ്മെ പൊട്ടിച്ചിരിപ്പിക്കുന്ന ഇത്തരം പ്രയോഗങ്ങൾക്കു പ്രാപ്തമായ ഒരു കൈ, ഹാസകവനവകുപ്പിൽ പഴകിയതാണ്. സംശയമില്ല. ഗ്രന്ഥകാരന്റെ പ്രതിഭാവിലാസത്തിനും, ഭാവനാവൈശിഷ്ട്യത്തിനും, നിരീക്ഷണപാടവത്തിന്നും സാക്ഷ്യംവഹിക്കുന്ന മററനവധി പ്രയോഗങ്ങൾ ഈ ഗ്രന്ഥത്തിലുണ്ടു്. സ്ഥലച്ചുരുക്കത്താൽ അവയെ ഇവിടെ ഉദ്ധരിക്കാത്തതാണ്. ഇത്തരം പ്രയോഗങ്ങൾ കണ്ടപ്പോഴാണ് 'അപ്പുതസ്വാമി' എന്നതു് ഒരു പരനാമമാണെന്നും ആ പേരിന്നു പിമ്പെ ഒരു വമ്പൻ മറഞ്ഞുനില്ക്കുന്നുണ്ടെന്നും ഞങ്ങൾക്കു തോന്നിത്തുടങ്ങിയതു്. അതാരായാലും വേണ്ടില്ല, ഒരനുഗൃഹീതതൂലികതന്നെയാണദ്ദേഹത്തിന്റേതെന്നു നിസ്സംശയം പറയാവുന്നതാണ്. ഈ സവ്യസാചിയുടെ പദ്യങ്ങളുടെ ഒഴുക്കും കൊഴുപ്പും ഗദ്യത്തിന്റെ ഓജസ്സും ജീവസ്സും സ്തുത്യർഹം തന്നെയാണ്.

ഏതൊരു ചിത്രകാരനും അസൂയ തോന്നിപ്പിക്കുവാൻ മതിയായ തരത്തിലുള്ള ഹാസ്യചിത്രങ്ങൾ സന്ദർഭാനുസാരമായി ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളതാണ് ഇതിന്റെ മററൊരു പ്രത്യേകത ഈ ഗ്രന്ഥമാഹാത്മ്യത്തിനൊത്തവണ്ണം ഇതിന്റെ അച്ചടിയും കെട്ടുംമട്ടുമെല്ലാം അദ്വിതീയമായിത്തന്നെയിരിക്കുന്നു മംഗളോദയത്തിന്റെ തറവാടിത്തം ഇതിൽ തികച്ചും വിളയാടിക്കാണുന്നുണ്ടു്.

വ്യക്തിവിദ്വേഷപരങ്ങളായി അശ്ലീലങ്ങളും, ആഭാസകരങ്ങളുമായ ചില പ്രയോഗങ്ങൾ ഹാസസാഹിത്യത്തിന്റെ പേരും പറഞ്ഞു് മലയാളത്തിൽ വലിഞ്ഞുകയറി സ്ഥാനം പിടിക്കുവാൻ ഉദ്യമിച്ചുപോരുന്ന ഇക്കാലത്തെ ഇത്തരം പ്രസിദ്ധീകരണത്തിന്റെ വിലയും നിലയും പറഞ്ഞറിയിക്കേണ്ട ആവശ്യംതന്നെയില്ല. അപ്പുതസ്വാമിയുടെ തൂലികക്കു അനന്തരകാലങ്ങളിലും ഹാസകാവ്യപ്രസ്ഥാനത്തിൽ പെരുമാറിക്കൊണ്ടുവാൻ സർവ്വേശ്വരൻ സംഗതിവരുത്തുമാറാകട്ടെ.

ശ്രീ

# ഗോശ്രീശപട്ടാഭിഷേകമംഗളം.

---

വൃദ്ധിം പ്രാപ്തശ്ചതുർഭിർബ്ബുധനുതവിഭവൈ,-
രാശ്രമാണാം ചതുർണ്ണാ-
മുദ്ധൎത്താൎത്താർദ്രചേതാസ്സ്വചരിതയശസാ
ഭൂഷയൻ ഗോശ്ശ്രിയം നഃ
ശുദ്ധാത്മാ കേരളക്ഷ്മാപതിരിഹ ജയതി
പ്രാജ്യയാ രാജ്യലക്ഷ്മ്യാ
ബോദ്ധാരഃ! പ്രാൎത്ഥയാമസ്സമമജമധിപ-
സ്യായുഷേ തേജസേ ച.

കിഴക്കമ്പാട്ടുകര, രാജൎഷി സംസ്കൃതപാഠശാല,

പൂർണ്ണത്രയീശ കരുണാവരുണാലയാര്യഃ
പൂർണ്ണസ്സ്വധാഭ്യുദയമാപ നരേന്ദ്രചന്ദ്രഃ
വർണ്ണാശ്രമാവനരതഃ പുരുഷോത്തമോസൌ
പൂർണ്ണായുഷാൎവതു മഹീമഹിതൈരജയ്യഃ.

രാജൎഷി വായനശാല.

ശ്രീമാടക്ഷ്മാപനൎവ്വീസുരതരു,കമലാകാന്തകാരുണ്യവാൎയ്യാൽ
ക്ഷേമം നൽകീടുവാനിദ്ധരയിലവതരിച്ചുള്ള ചൈതന്യമൂൎത്തി,
സീമാതീതപ്രഭാവപ്രചുരിമകലരും രാജരാജേശനാമി-
ദ്ധീമാൻ ശ്രീകേരളക്ഷ്മാധവനിഹവിജയിക്കേണമാചന്ദ്രതാരം.

രാജൎഷി മാസിക

അധീതസൎവ്വാഗമസൂക്തിസാരഃ
സുധീവരൈഃ ശ്ലാഘിതകാൎയ്യസാരഃ
പ്രധീരുദ്വൂഢാതുരലോകഭാരഃ
സുധീഷു ദത്താദരമോദഭാരഃ,

സമസ്തവിദ്യാവനബദ്ധദീക്ഷഃ
പ്രശസ്തവിദ്യാശ്രിതകല്പവൃക്ഷഃ
ഹൃദിസ്ഥിതാധീശപരവാരിജാക്ഷഃ
വിഹസ്തിതാശേഷവിപക്ഷപക്ഷഃ,

GRANDHASALA ... KRISHNA ...

ശിഷ്ടം ജനം ദ്വേഷ്യമപി പ്രശംസൻ
ദുഷ്ടം ജനം സ്വീയമപി ത്യജംശ്ച
പുഷ്ടഃ ശ്രിയാ കേരളവൎമ്മ ദേവ-
സ്തുഷ്ടശ്ചിരം ശാസ്ത്വിഹ ഗോശ്രിയം നഃ.

പി. എം. നാരായണൻ നായർ (രം സം. അ)

മാനത്തിൽപ്പുകൾ വീശിവീശിയധുനാ മാടക്ഷമാവല്ലഭ-
സ്ഥാനം നേടിന കേരളാഭിധനൃപൻ സദ്വ്യസ്സുധന്വന്തരി
ആനന്ദിച്ചതിദീർഘകാല മരുളാനവ്യങ്ഗഭവ്യങ്ങളെ-
ദ്ദാനം ചെയ്യണമേഴരണ്ടുലകിനും താങ്ങായശാർങ്ഗായുധൻ

റാവുസാഹിബ്, മഹാകവി, സാഹിത്യഭൂഷണം
ഉള്ളൂർ. എസ്. പരമേശ്വരയ്യർ, എം. എ. ബി. എൽ.

ഒരു സുദിനമിതാർതൻ പുണ്യപട്ടാഭിഷേകാൽ-
പ്പെരുതരുളി നമുക്കിത്തോഷബാഷ്പാഭിഷേകം,
ഇരുനിലയിൽ നരേന്ദ്രപ്രൌഢനാ മാടഭൂപൻ-
തിരുവടി സുഖപൂർത്ത്യാ വെൽവുതാകെന്നുമെന്നും!

മഹാകവി വള്ളത്തോൾ.

ശ്രീരാജിച്ച പെരുമ്പടപ്പു കടലിൽ സ്വൈരം പിറന്നാശ്രിത-
ന്മാരാകും സുമനസ്സുകൾക്കു പരമാനന്ദം പരത്തും മഹാൻ
ആരാധ്യേശനു കണ്ണിലുണ്ണി തിരുമൂപ്പാന്നുള്ള സദ്വൃത്തവാ-
മാ രാജാവരുളേണമാത്തകുശലം സർവ്വജ്ഞഭൂഷൻ ചിരം.

ചങ്ങരംകോത കൃഷ്ണൻകർത്താ:

ശ്രീയാർന്നിടുന്ന ശുഭവാസരമിന്നു ഹൃദ്യ-
മായുള്ള ഗന്ധമൊടു വായു ചരിപ്പു മന്ദം,
പായുന്നു മോദഭരമൊത്തു ജനങ്ങളെങ്ങു-
മീയുള്ളവന്റെ മനതാരു കുളുർത്തിടുന്നു.

എന്താണിതിന്നു നിരുപിയ്ക്കിൽ നിമിത്തമോഹോ!!
ചെന്താമരാക്ഷനുടെ ഭൂരികൃപാമൃതാർദ്രൻ;
സന്താനശാഖി ജനതയ്ക്കു വന്ദ്യനാകു-
മെന്തമ്പുരാൻ മുകുടമിന്നണിയുന്നനാളാം.

ആരാല്യമേതൊരു മഹാപുരുഷന്റെ ചിത്ത-
താരൊന്നിളക്കുവതിനായെളുതല്ല പാർത്താൽ,
ആ രാജശേഖരനിതാ നിജമാം പദത്തി-
ലാരൂഢനായ് ജനതതിയ്ക്കരുളുന്നു മോദം.

വീരാഗ്ര്യരാം പല നൃപാലരുമാത്തരാഗ-
മീരമ്യയാം വസുധതൻ ധവരായിമുന്നം,

ഈ രാജവര്യനെ വരിച്ചിതുനാളിലുർവ്വി
നേരായ് പരിഷ്കൃതികളാർന്നനവത്വമേൽപ്പൂ!

ധാരാളമാംകരുണയും നയവും പെട്ടന്നൊ-
രീ രാജമൌലിയുടെ ബാഹുബലാതിരേകം,
പാരാകെ വിശ്രുതികലർന്നതിയായ ഭവ്യ-
മീ രാജ്യമേന്തിവിളയാടണമേതുനാളും!

ഇന്നാരു മാടധരണീന്ദ്രപദത്തിലേറി
നന്നായ് ലസിപ്പുനയവേദിമഹാനുഭാവൻ.
എന്നാളുമാ മഹിതനായ "നരേന്ദ്ര"നുർവ്വി-
യ്ക്കുന്നായ് ജയിയ്ക്കണമനന്തഗുണാഭിരാമൻ

ആയുർവ്വേദവൈദ്യൻ, പി. വാസുദേവൻ നമ്പീശൻ.

നൈപുണ്യാന്നിഖിലകലാസു ബാല്യ ഏവ
പ്രാവീണ്യം ജഗതിഗതഃ ക്ഷിതീശ്വരോയം
കാരുണ്യാൽ പവനപുരേശിതുർവ്വിശേഷാ-
ത്താരുണ്യോചിതമനുബോഭവീതു ദാക്ഷ്യം.

വൈദ്യവിചക്ഷണൻ എം. കുഞ്ഞൻവാരിയർ.

വേനൽക്കാലമിതാകഴിഞ്ഞു; ധരതൻ താപം ശമിപ്പിക്കുവാൻ
വാനം മിന്നലൊളിത്തെളിക്കസവണിക്കൊണ്ടൽക്കിരീടംസ്ഫുടം
നൂനം ചാർത്തിടുമിമ്മുഹൂർത്തസമയത്തെൻ തമ്പുരാനസ്മദീ-
യാനന്ദപ്രദ,വന്മഹീശമകുടം ചൂടിജ്ജയിപ്പൂ ശുഭം.

ക്ഷോണിയ്ക്കുള്ള കെടാവിളക്കു, കരുണയ്ക്കാവാസരംഗം, ലസ-
ന്മാണിക്യം വിബുധർക്കു, ഭക്തജനതാരക്ഷയ്ക്കു ലക്ഷ്മീശ്വരൻ,
ക്ഷീണിച്ചുള്ളവരാശ്രയിച്ചഭിമതംനേടും സുരക്ഷ്മാരുഹം,
ചേണിൽ 'കേരളവർമ്മ'വാഴ്ക നെടുനാളുത്രാടജാതൻ നൃപൻ.

വിദ്വാൻ, വെള്ളായ്ക്കൽ ഗോവിന്ദമേനോൻ.

ശ്രീപൂർണ്ണശ്രുതിഃദേവനിൽത്തികവെഴും ഭക്തിത്തഴപ്പും, പ്രജാ-
താപത്തിൽ കനിവും, കലാവലികളിൽ പ്രേമക്കൊഴുപ്പും, സദാ
ശ്രീപുൽകും തിരുമേനിയും പുരു'നരേന്ദ്ര'പ്രൌഢിയുംചേർന്ന, ഗോ-
ശ്രീപാലൻ ശ്രിതപാരിജാതമവനൌ കീർത്ത്യാ ചിരം വാഴണം.

കുടമാളൂർ കെ. കെ. ഗോപാലപിള്ള, (രാ. പ )

സംപുഷ്ടാഭ്യാസസമ്പാദിതവിവിധകലാ-
വൈഭവത്വേന വിദ്വൽ-
സംപൂജ്യത്വം, പ്രജാപ്രീണന,മഖിലഗരോ-
ദ്വേഗഹാരിത്വബോധം,

സംപൂർണ്ണോദാരശീലോദിതനിജഭഗവ-
ത്ഭക്തിരിത്യാദി നാനാ-
സംപൂതാശാവിശാലോ വിജയതു നിതരാം
മാടഭൂപാലകോ സൌ.

ഓരോരോകാലമോരോ നൃപശിരസി സുഖം
പൂണ്ടു മാമൂൽമുറക്കി-
ങ്ങാരോപിക്കുന്ന പൊന്നിൻമകുടമൊടനുയോ-
ജിക്കുമീമാടഭൂപൻ,
ആരോഗ്യൈശ്വര്യസമ്മേളിതമൊരുപുരുഷാ-
യുസ്സുകൊണ്ടാടിവാണീ-
വീരരാദാരാർഹസിംഹാസനമിതിനു വദാ-
ന്യതമേകട്ടെ നിത്യം.

പോരുന്നോരോനൃപന്മാരിതുവരെ വിധിപോ-
ലേററു ലാളിക്കയാലേ
വേരൂന്നിപ്പോന്ന 'ഗോശ്രീകുലസുരഭിലക-
ല്പദ്രു' വാടാതെ നീണാൾ
പേരുററാരിദ്ധരേശാമിതഗുണഗണസ-
മ്പൽസമ്പാദ്യമൂലം
ചാരുശ്രീപൂർണ്ണപുണ്യപ്പുതുപുകളൊളി വ-
ർദ്ധിച്ചു വർത്തിച്ചിടട്ടെ!

പനമുക്കത്ത്, മാളിയക്കൽ കുഞ്ഞുണ്ണികർത്താവ്.

കരഞ്ഞുചുററും ജനചാതകത്തെ
ക്കണ്ടെത്തി നീർകൊണ്ടൊരുകൊണ്ടൽ, നോക്കൂ!
സുവർണ്ണസിംഹാസനവിണ്ഡലത്തിൽ
മിന്നുന്നു! മിന്നൽത്തെളിവാളുമായി.

മഹിയ്ക്കു കൃണാം പുളകം പരക്കെ
മാടക്ഷമേശാംബുദമെത്തിടുമ്പോൾ
പതഞ്ഞുപോയ്പ്പലപലഹൃത്ത്, പച്ച
പുതച്ചുപുത്തൻമലർവാടി,യാടി:

പൊന്നിൻകിരീടത്തെയണിഞ്ഞുമിന്നും
പല്ലക്കിൽ വാണീടിന തമ്പുരാനെ
പരംനിരീക്ഷിച്ചുദയാചലത്തിൽ
പ്രഭാതസൂര്യൻ നതനായിനിന്നു.

ടി. ആർ. നായർ, പുഴയ്ക്കൽ.



നാടുവാണരുളുന്ന നമ്മുടെ പൊന്നുതമ്പുരാൻ
തിരുമനസ്സുകൊണ്ട്.